**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1430** **28-07-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് മൂലം വിദേശത്ത് മരണപ്പെടുന്ന പ്രവാസികളുടെ കുടുംബത്തിന് ധനസഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; | (എ) | വിദേശ രാജ്യങ്ങളിൽ വെച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് സാന്ത്വന പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ വരെ മരണാനന്തര ധനസഹായം നൽകിവരുന്നു. കോവിഡ് മൂലം വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ആശ്രിതർക്കും, സാന്ത്വന പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ധനസഹായം ലഭ്യമാക്കുന്നതാണ്. കോവിഡ് മൂലം നാട്ടിലും വിദേശത്തും മരിച്ച പ്രവാസികളുടെയും തിരികെയെത്തിയ കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെയും അവിവാഹിതരായ പെൺകുട്ടികൾക്ക് 25,000 രൂപയുടെ ഒറ്റത്തവണ ധനസഹായം പ്രമുഖ പ്രവാസി വ്യവസായി ഡോ.രവി പിള്ളയുടെ RP ഫൗണ്ടേഷൻ വഴി വിതരണം ചെയ്യുന്ന പ്രവാസി തണൽ പദ്ധതി നോർക്ക മുഖേന നടപ്പിലാക്കുന്നു.കൂടാതെ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുള്ള ഒരംഗം (പ്രവാസി കേരളീയൻ (വിദേശം)-1എ കാറ്റഗറി) അംഗത്വ കാലയളവിൽ മരണപ്പെട്ടാൽ, ആശ്രിതർക്ക് 50,000/- രൂപ ധനസഹായം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും അനുവദിച്ചു വരുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ വെച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് ധനസഹായം അഭ്യർത്ഥിച്ചുകൊണ്ടു നിരവധി പ്രവാസികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. കെ.എം.സി.സി ജിദ്ദ മലപ്പുറം ജില്ലാ കമ്മിറ്റി 12.05.2020 ന് സമർപ്പിച്ച നിവേദനവും ഇതിൽ ഉൾപ്പെട്ടതാണ്. |
| (ബി) | ഇത് സംബന്ധിച്ച് കെ.എം.സി.സി ജിദ്ദ-മലപ്പുറം ജില്ലാ കമ്മിറ്റി 12/05/2020 ന് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൽ മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെല്ലിൽ ഇ.പിറ്റിഎൻ /5949/2020 നമ്പറായി രജിസ്റ്റർ ചെയ്ത അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) | വിദേശ രാജ്യങ്ങളിൽ വെച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് സാന്ത്വന പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ വരെ മരണാനന്തര ധനസഹായം നൽകിവരുന്നു. കോവിഡ് മൂലം വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ആശ്രിതർക്കും, സാന്ത്വന പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ധനസഹായം ലഭ്യമാക്കുന്നതാണ്. കോവിഡ് മൂലം നാട്ടിലും വിദേശത്തും മരിച്ച പ്രവാസികളുടെയും തിരികെയെത്തിയ കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെയും അവിവാഹിതരായ പെൺകുട്ടികൾക്ക് 25,000 രൂപയുടെ ഒറ്റത്തവണ ധനസഹായം പ്രമുഖ പ്രവാസി വ്യവസായി ഡോ.രവി പിള്ളയുടെ RP ഫൗണ്ടേഷൻ വഴി വിതരണം ചെയ്യുന്ന പ്രവാസി തണൽ പദ്ധതി നോർക്ക മുഖേന നടപ്പിലാക്കുന്നു.കൂടാതെ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുള്ള ഒരംഗം (പ്രവാസി കേരളീയൻ (വിദേശം)-1എ കാറ്റഗറി) അംഗത്വ കാലയളവിൽ മരണപ്പെട്ടാൽ, ആശ്രിതർക്ക് 50,000/- രൂപ ധനസഹായം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും അനുവദിച്ചു വരുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ വെച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് ധനസഹായം അഭ്യർത്ഥിച്ചുകൊണ്ടു നിരവധി പ്രവാസികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. കെ.എം.സി.സി ജിദ്ദ മലപ്പുറം ജില്ലാ കമ്മിറ്റി 12.05.2020 ന് സമർപ്പിച്ച നിവേദനവും ഇതിൽ ഉൾപ്പെട്ടതാണ്. |
| (സി) | കോവിഡ് മൂലം മരണപ്പെട്ട പ്രവാസികളുടെ കുടുംബങ്ങൾക്ക് നിലവിൽ ധനസഹായത്തിന് പദ്ധതി ഇല്ലെങ്കിൽ സുപ്രീം കോടതി ഈയിടെ കേന്ദ്ര സർക്കാറിന് നൽകിയ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ രൂപീകരിക്കുമ്പോൾ പ്രവാസികളെ കൂടി ഉൾപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. |

സെക്ഷൻ ഓഫീസർ